LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്ക് പുതിയ ഭവന നിർമ്മാണ പദ്ധതികൾ

105 [1084] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും പുതിയ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ ആന്റ് ബി) കേന്ദ്രഗവൺമെന്റിന്റെ 50 ശതമാനം ധനസഹായത്തോടെ 40,000 രൂപ ഗ്രാന്റ് നൽകുന്ന ഒരു പദ്ധതിയാണ് നിലവിലുള്ളത്. പ്രതിവർഷം 1500 പേർക്ക് വീതം ഗ്രാന്റ് നൽകാനേ ഇപ്പോൾ കഴിയുന്നുള്ളു. ആയതിനാൽ ഭവനരഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും വീട് ലഭിക്കുക എന്ന ഉദ്ദേശത്തോടെ ഹഡ്കോ വായ്പയും സന്നദ്ധ സംഘടനകളുടെ സഹായവും ഉപയോഗപ്പെടുത്തി ഒരു സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിക്ക് രൂപം നൽകി വരുന്നുണ്ട്.

കൊല്ലം കടലോരത്തെ മത്സ്യത്തൊഴിലാളി മാർച്ച്

106 [1085] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
„ പി. ടി. തോമസ്:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ അടൂർ പ്രകാശ്:
„ ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കടലോരത്തെ മത്സ്യത്തൊഴിലാളികൾ ജൂലൈ 17-ന് തങ്കശ്ശേരി മത്സ്യത്തൊഴിലാളി ക്ഷേമനിധി ഓഫീസിലേയ്ക്ക് മാർച്ച് നടത്തുവാൻ തീരുമാനിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യങ്ങൾ എന്താണ്; മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചിരുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾ കുറവ് ചെയ്തിട്ടുണ്ടോ; എങ്കിൽ അവ തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യക്കയറ്റുമതിക്കാരിൽ നിന്നുള്ള ക്ഷേമനിധി വിഹിതം സുപ്രീം കോടതി വിധിയെത്തുടർന്ന് ലഭിക്കാതെയായി. അതിനെ തുടർന്ന് ക്ഷേമനിധി ബോർഡ് സ്വന്തം ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിവന്ന ക്ഷേമ പദ്ധതികളുടെ